# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 11**

---

## യുവജനോത്സവ വിജയികൾക്ക് ഇനി ഡിജിറ്റൽ സർട്ടിഫിക്കറ്റ്

*മഹാത്മാ ഗാന്ധി സർവകലാശാല യുവജനോത്സവത്തിലെ വിജയികൾക്ക് ഇനി ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകും. ഡിജിറ്റൽ സർട്ടിഫിക്കറ്റുകളുടെ വിതരണോദ്ഘാടനം നാടക മത്സരത്തിൽ എ ഗ്രേഡ് നേടിയ സർവകലാശാലാ ക്യാമ്പസിലെ വിദ്യാർഥികൾക്ക് നൽകി വൈസ് ചാൻസലർ ഡോ. സി ടി അരവിന്ദകുമാർ നിർവഹിച്ചു.*

*വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭിക്കുന്നതിനും ഗ്രേസ് മാർക്കിന് കാലതാമസമില്ലാതെ അപേക്ഷ സമർപ്പിക്കുവാനും പുതിയ ക്രമീകരണം സഹായകമാകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു.*

*ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ്സ് സർവീസസ്(ഡിഎസ്എസ്) ആണ് സർട്ടിഫിക്കറ്റ് വിതരണം നിർവഹിക്കുന്നത്. ചടങ്ങിൽ ഡിഎസ്എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, പി. ഹരികൃഷ്ണൻ, സെനറ്റ് അംഗങ്ങളായ എം.എസ്. സുരേഷ്,ഡോ. എം.കെ. ബിജു, സർവകലാശാല യൂണിയൻ ചെയർപേഴ്സൺ എം.എസ്. ഗൗതം, ഡിഎസ്എസ് സെക്ഷൻ ഓഫിസർ ഡോ. ആന്റണി ജോസഫ്, ശ്രീഗണേഷ്ദേവ് എന്നിവർ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*
*മഹാത്മാ ഗാന്ധി സർവകലാശാല യുവജനോത്സവത്തിലെ വിജയികൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിൻറെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു.*

*(പി.ആർ.ഒ/39/1480/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംസിഎ (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 14 മുതൽ നടക്കും. ഏപ്രിൽ 24 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ 25 വരെയും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 26 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1481/2025)*

## സമയപരിധി നീട്ടി

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്) അഞ്ചാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഏപ്രിൽ 19 വരെയും ഫൈനോടുകൂടി ഏപ്രിൽ 21 വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 22 വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1482/2025)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎ ഹിസ്റ്ററി മോഡൽ 1, 2 (സിബിസിഎസ്) റെഗുലർ ആന്റ് പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025 ) പരീക്ഷയുടെ പ്രാക്ടിക്കൽ/ വൈവ വോസി പരീക്ഷകൾ ഏപ്രിൽ 22ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1483/2025)*

## പരീക്ഷാ ഫലം

*ഒന്നാം വർഷ ബാച്ച്ലർ ഓഫ് ഫാർമസി (2016 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 24 വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1484/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ